റേഷൻ വിതരണം കാര്യക്ഷമം: മന്ത്രി തിലോത്തമൻ

തിരുവനന്തപുരം: ദേശീയ ഭക്ഷ്യസുരക്ഷാ നിയമത്തിൽ പറയുന്ന എല്ലാ ഘടകങ്ങളും സർക്കാർ പൂർത്തിയാക്കിയെന്ന് മന്ത്രി പി. തിലോത്തമൻ വാർത്താസമ്മേളനത്തിൽ അറിയിച്ചു. വാതിൽപ്പടി വിതരണം, സമ്പൂർണ കമ്പ്യൂട്ടർവത്കരണം, ഇ-പോസ് മെഷീനുകൾ സ്ഥാപിക്കൽ, പോർട്ടബിലിറ്റി സൗകര്യം എന്നിവ പൂർത്തിയാക്കിയതിന്റെ ഉദ്ഘാടനം 18 ന് മുഖ്യമന്ത്രി കണ്ണൂരിൽ നിർവഹിക്കും. 14374 റേഷൻകടകളിലും ഇ-പോസ് മെഷീൻ വച്ച് റേഷൻവിതരണം ആരംഭിച്ചു. അനർഹമായി കടന്നുകൂടിയ 1,68,567 പേരെ റേഷൻ മുൻഗണനാ പട്ടികയിൽ നിന്ന് ഒഴിവാക്കി അത്രയും അർഹരെ ഉൾപ്പെടുത്തി. ഒരു കാർഡിലും ഉൾപ്പെടാത്ത 75,000 കുടുംബങ്ങൾക്ക് ജൂൺ ഒന്നു മുതൽ കാർഡ് നൽകും.

ചരിത്രം സാക്ഷി: അയ്യങ്കാളിയുടെ വില്ലുവണ്ടി യാത്രയ്ക്ക് പുനർജ്ജനി

സവർണ ശാസനകളെ അയ്യങ്കാളി സധൈര്യം വെല്ലുവിളിച്ചു: മുഖ്യമന്ത്രി

മഹാത്മ അയ്യങ്കാളി നടത്തിയ വില്ലുവണ്ടി യാത്രയുടെ 125-ാം വാർഷിക സമാപനത്തിന്റെ ഭാഗമായി സി.പി.എം കോവളം ഏര്യ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച നവോത്ഥാന സംഗമം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യുന്നു

മഹാത്മ അയ്യങ്കാളി നടത്തിയ വില്ലുവണ്ടി യാത്രയുടെ 125-ാം വാർഷികാഘോഷങ്ങളോടനുബന്ധിച്ച് നടത്തിയ ഘോഷയാത്രയുടെ ദൃശ്യം

വിഴിഞ്ഞം: സവർണശാസനകളെ വെല്ലുവിളിച്ച്, അധഃസ്ഥിത ജനതയുടെ വിമോചകനായ മഹാത്മ അയ്യങ്കാളി ഒന്നേ കാൽ നൂറ്റാണ്ട് മുമ്പ് നടത്തിയ ചരിത്ര സമരം പുനർജ്ജനിച്ചു.

ചരിത്ര പ്രസിദ്ധമായ വില്ലുവണ്ടി യാത്രയുടെ ഓർമ്മകൾ പേറി പ്രതീകാത്മകമായി മുക്കോല ജംഗ്ഷൻ മുതൽ വെങ്ങാനൂർ സമ്മേളന നഗരി വരെ സംഘടിപ്പിച്ച വില്ലുവണ്ടി ഘോഷയാത്രയിൽ ആയിരങ്ങൾ അണിനിരന്നു. കമനീയമായ ഫ്ലോട്ടുകൾ, നാടൻകലാരൂപങ്ങൾ, സഞ്ചരിക്കുന്ന കർഷക ഗാനസംഘം, വാദ്യമേളങ്ങൾ തുടങ്ങിയവയുടെ അകമ്പടിയോടെ നടന്ന ഘോഷയാത്ര അവർണർക്കായുള്ള അവകാശ പോരാട്ടങ്ങളുടെ ആവേശം ജ്വലിപ്പിച്ചു.

മഹാത്മ അയ്യങ്കാളി നടത്തിയ വില്ലുവണ്ടി യാത്രയുടെ 125-ാം വാർഷിക സമാപനത്തിന്റെ ഭാഗമായി സി.പി.എം കോവളം ഏരിയാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിലാണ് അയ്യങ്കാളിയുടെ ജന്മനാടായ വെങ്ങാനൂരിൽ നവോത്ഥാന സംഗമവും വില്ലുവണ്ടി ഘോഷയാത്രയും സംഘടിപ്പിച്ചത്.

സംസ്ഥാനത്ത് പട്ടികജാതിക്കാർക്കും ന്യൂനപക്ഷങ്ങൾക്കുമെതിരെ ആസൂത്രിത നീക്കങ്ങൾ ഇപ്പോഴും നടക്കുകയാണെന്ന് നവോത്ഥാന സംഗമം ഉദ്ഘാടനം ചെയ്ത മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. പതിനാല് വയസിന്മേൽ പ്രായമുള്ള സ്ത്രീകൾ മാറ്മറയ്ക്കരുതെന്നും, അവരിൽ നിന്ന് തലക്കരവും മറ്റ് ചില കരങ്ങളും ഈടാക്കണമെന്നുമുള്ള ശാസനകൾ കൊടികുത്തി വാണിരുന്ന കാലത്താണ് അയ്യങ്കാളി നിസ്വരും നിരാലംബരുമായ പാവങ്ങൾക്കു വേണ്ടി പടപൊരുതിയത്. നാട്ടിലെ പ്രഭുക്കൾക്ക് മാത്രം വില്ലുവണ്ടിയുണ്ടായിരുന്ന കാലത്ത്, വില്ലുവണ്ടി വിലയ്ക്കു വാങ്ങി അതിൽ തങ്ങൾക്ക് പ്രവേശനം നിഷേധിക്കപ്പെട്ട പൊതുനിരത്തിലൂടെ വെള്ള ബനിയനും തലയിൽ വട്ടക്കെട്ടും കെട്ടി സഞ്ചരിച്ച അയ്യങ്കാളി നൂറ്റാണ്ടുകളായി നിലനിന്ന സവർണ ശാസനകളെ വെല്ലുവിളിച്ചു. വില്ലുവണ്ടിയിലെ കാളകളുടെ കഴുത്തിൽ നിന്നുയർന്ന മണിമുഴക്കം ജാതിവ്യവസ്ഥയുടെ കോട്ടകൊത്തളങ്ങളിൽത്തട്ടി പ്രതിദ്ധ്വനിച്ചു- മുഖ്യമന്ത്രി പറഞ്ഞു.

സി.പി.എം ജില്ലാ സെക്രട്ടറി ആനാവൂർ നാഗപ്പൻ അദ്ധ്യക്ഷനായിരുന്നു. വില്ലുവണ്ടി ഘോഷയാത്ര മുൻ മന്ത്രിയും കെ.ടി.ഡി.സി ചെയർമാനുമായ എം.വിജയകുമാർ ഫ്ലാഗ് ഓഫ് ചെയ്തു. നവോത്ഥാന സംഗമത്തിൽ ദളിത് സാമൂഹ്യ പ്രവർത്തകനും സാഹിത്യകാരനുമായ പ്രൊഫ. കാഞ്ചഇലയ്യയുടെ സാന്നിദ്ധ്യവും ശ്രദ്ധേയമായി. സി.പി.എം. നേതാക്കളായ വി.ശിവൻകുട്ടി, ടി.എൻ. സീമ, സി. ജയൻബാബു, എൻ.രതീന്ദ്രൻ, ബി.പി. മുരളി, കെ. ആൻസലൻ എം.എൽ.എ, പുല്ലുവിള സ്റ്റാൻലി, പി. രാജേന്ദ്രകുമാർ, പി.എസ് ഹരികുമാർ, വണ്ടിത്തടം മധു, കാഞ്ഞിരംകുളം രവി തുടങ്ങിയവർ നേതൃത്വം നൽകി.

പ്രായത്തെ പഠനത്തിലൂടെ തോൽപ്പിച്ച അന്നമ്മ

കൊച്ചി: നാല്പത്തിയൊന്നാം വയസിൽ മകൾക്കൊപ്പം പ്രീഡിഗ്രി, പിന്നാലെ ബിരുദ പഠനം. അറുപതിൽ എറണാകുളം മഹാരാജാസ് കോളേജിൽ നിന്ന് ബിരുദാനന്തര ബിരുദം. 65-ാം വയസിൽ മകന്റെ സഹപാഠിയായി എറണാകുളം ലാ കോളേജിൽ നിന്ന് ഒന്നാംക്ലാസോടെ നിയമബിരുദം.

പഠനത്തിന് പ്രായമില്ലെന്ന് അടിവരയിട്ട് ഉറപ്പിച്ച വ്യക്തിത്വമായിരുന്നു കഴിഞ്ഞ ദിവസം നിര്യാതയായ അന്നമ്മ പോളിന്റേത്. എല്ലാവരുടെയും പ്രിയപ്പെട്ട വക്കീൽ മമ്മിയായി അന്നമ്മ പോൾ മാറിയത് പ്രായത്തെ തോൽപ്പിച്ച തന്റെ പഠിക്കാനുള്ള തീക്ഷ്ണതയൊന്നുകൊണ്ട് മാത്രമാണ്.

അഭിഭാഷകനായ പിതാവിന്റെ പാത പിന്തുടരണമെന്ന ആഗ്രഹമാണ് പ്രായത്തെ തോല്പിച്ചും സന്നതെടുക്കാൻ അന്നമ്മയെ പ്രചോദിപ്പിച്ചത്. മൂത്ത മകൻ അഡ്വ. സെബാസ്റ്റ്യൻ പോൾ ഉൾപ്പെടെ അഭിഭാഷ രംഗത്ത് നിലയുറപ്പിച്ചത് അന്നമ്മയുടെ ആഗ്രഹത്തിന് വേഗത വർദ്ധിപ്പിച്ചു.

1946 ൽ വിവാഹിതയാകുമ്പോൾ പത്താം ക്ലാസ് മാത്രമായിരുന്നു അവരുടെ വിദ്യാഭ്യാസം. അന്നേ വക്കീലാകണം എന്നാഗ്രഹമുണ്ടായിരുന്നു. പിന്നീട് ഭർത്താവിന്റെ പ്രോത്സാഹനത്തിലാണ് തുടർവിദ്യാഭ്യാസം. മക്കളെല്ലാം വളർന്നപ്പോൾ വീണ്ടും പഠനം തുടങ്ങി. ഇളയ മകൻ സുബലിനൊപ്പം 1989ലാണ് അന്നമ്മ സന്നതെടുത്തത്. ലാ കോളേജ് തിരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥിയായി വിദ്യാർത്ഥി രാഷ്ട്രീയത്തിലും അവർ ഒരു കൈ പയറ്റി.

പിന്നാക്ക അവകാശ സമരത്തിന് കേരളം നേതൃത്വം വഹിക്കണം: കാഞ്ച ഇലയ്യ

തിരുവനന്തപുരം: പിന്നാക്ക ദളിത് വിഭാഗങ്ങളുടെ അവകാശ സംരക്ഷണത്തിന് കേരളം നേതൃത്വം വഹിക്കണമെന്ന് പ്രമുഖ ദളിത് ചിന്തകൻ കാഞ്ച ഇലയ്യ പറഞ്ഞു. നാഷണൽ ഫോറം ഫോർ സോഷ്യൽ ജസ്റ്റിസ് പ്രസ് ക്ലബിൽ നടത്തിയ ആശയസംവാദത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

വിദ്യാഭ്യാസത്തിലും ജീവിതരീതിയിലും കേരളത്തിലെ ദളിത് സമൂഹം ഇതര സംസ്ഥാനങ്ങളിലേതിനെക്കാൾ മുന്നിലാണ്. ക്രിസ്ത്യൻ മിഷനറിമാരുടെ വിദ്യാഭ്യാസപ്രവർത്തനവും ശ്രീനാരായണ ഗുരുവിന്റെ ഇടപെടലുകളുമാണതിന് കാരണം. എന്നാൽ പിന്നാക്ക സമുദായത്തിന്റെ വികസനത്തിനായി ഈ അനുകൂല ഘടകം പ്രയോജനപ്പെടുത്തുന്നില്ല. രാജ്യം കണ്ട ഏറ്റവും വലിയ പിന്നാക്ക വിമോചകനായ ഗുരുവിനെ ലോകം വേണ്ടരീതിയിൽ മനസിലാക്കിയിട്ടില്ല. ദളിത്, പിന്നാക്ക വിഭാഗങ്ങളുടെ ജീവിതത്തിലെ എല്ലാ മേഖലകളെയും സ്പർശിക്കുന്ന കർമ്മപദ്ധതിയാണ് ഗുരു വിഭാവനം ചെയ്തത്.

ഗുജറാത്തല്ല കേരളമാണ് വികസനമാതൃക. വി. എസ്.അച്യുതാനന്ദനും മുഖ്യമന്ത്രി പിണറായി വിജയനും പിന്നാക്കക്കാരാണ്. ഇതുപോലുള്ള നേതാക്കളില്ലാത്തതാണ് ബംഗാളിൽ സി.പി.എമ്മിന്റെ തകർച്ചയ്ക്ക് കാരണമായത് - അദ്ദേഹം പറഞ്ഞു.

ഫോറം ഫോർ ജസ്റ്റിസ് അദ്ധ്യക്ഷൻ വി. ആർ. ജോഷി നേതൃത്വം വഹിച്ചു. നാഷണൽ ലാ സ്കൂൾ യൂണിവേഴ്സിറ്റി വൈസ് ചാൻസലർ മോഹൻ ഗോപാൽ, നീലലോഹിതദാസൻ നാടാർ, പ്രൊഫ. ടി. വി. വിജയകുമാർ തുടങ്ങിയവർ പങ്കെടുത്തു.

മുനിസിപ്പൽ ആൻഡ് കോർപറേഷൻ സ്റ്റാഫ് യൂണിയൻ സമ്മേളനം 19ന്

കണ്ണൂർ: കേരള മുനിസിപ്പൽ ആൻഡ് കോർപറേഷൻ സ്റ്റാഫ് യൂണിയൻ 51-ാം സംസ്ഥാന സമ്മേളനം 19 ന് റബ്കോ ആഡിറ്റോറിയത്തിൽ ആരംഭിക്കും. രാവിലെ 10.30ന് സി.പി.എം സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണൻ ഉദ്ഘാടനം നിർവഹിക്കും. ഞായറാഴ്ച രാവിലെ 11.30ന് വനിതാസമ്മേളനത്തിന്റെ ഉദ്ഘാടനം മന്ത്രി കെ.കെ. ശൈലജ നിർവഹിക്കും. വൈകിട്ട് ചേരുന്ന പൊതുസമ്മേളനം കർഷകതൊഴിലാളി യൂണിയൻ അഖിലേന്ത്യാ ജനറൽ സെക്രട്ടറി എ. വിജയരാഘവൻ ഉദ്ഘാടനം ചെയ്യും. 21 ന് ഉച്ചയ്ക്ക് രണ്ടിന് യാത്രയയപ്പ് സമ്മേളനം സി.പി.എം ജില്ലാ സെക്രട്ടറി പി. ജയരാജൻ ഉദ്ഘാടനം ചെയ്യും.

വെള്ളിത്തിരയുടെ അദ്ഭുതദ്വീപിൽ കുട്ടിപ്രേക്ഷകർ

തിരുവനന്തപുരം: ഇതുവരെ കാണാത്ത കാഴ്ചകൾ, കേൾക്കാത്ത ഭാഷകൾ, അറിയാത്ത ജീവിതം, സംസ്കാരം... ഓരോ സിനിമയ്ക്കു മുന്നിലും കുട്ടിപ്രേക്ഷകർ അത്ഭുതം കൂറി. അന്താരാഷ്ട്ര ബാല ചലച്ചിത്രമേളയുടെ മൂന്നാം ദിവസം അത്ഭുതദ്വീപിലെത്തിയ ആഹ്ലാദത്തിലായിരുന്നു കുരുന്നുകൾ.

ചലച്ചിത്രതാരങ്ങളായ സനുഷ, സനൂപ്, ബേബി അനിഘ, മിനോൺ, അജാസ് എന്നിവർ ഇന്നലെ അന്താരാഷ്ട്ര ചലച്ചിത്രമേളയിൽ സംവദിക്കാനെത്തിയതോടെ കുട്ടികൾ കൂടുതൽ ആവേശത്തിലായി. പാലോട്, പാലക്കാട് എന്നിവിടങ്ങളിലെ ആദിവാസി ഊരുകളിൽ നിന്ന് ആദ്യമായി തിയേറ്ററിലെത്തിയ വിദ്യാർത്ഥികൾക്ക് മേളക്കാഴ്ചകൾ പുതുമയായി.

ചാർളി ചാപ്ലിന്റെ 'ദ കിഡ്' കൈരളി തിയേറ്ററിൽ നിറഞ്ഞ സദസിലാണ് പ്രദർശിപ്പിച്ചത്. 'ചുട്ടികാൻ കിമഹാഭാരതും' കുഞ്ഞുഹൃദയങ്ങൾ കീഴടക്കി. കുട്ടുകാരെ രസിപ്പിച്ച മറ്റൊന്ന് കരാമട്ടി കോട്ട് (ചുമന്ന കോട്ട്) ആയിരുന്നു. മജീദ് മജീദിയുടെ 'കളർ ഒഫ് പാരഡൈസ്' കുട്ടികണ്ണുകളെ ഈറനണിയിച്ചു.

ജംഗിൾബുക്ക്, ലൈഫ്ഈസ് ബ്യൂട്ടിഫുൾ, ക്ലിന്റ്, മൈ ഫ്രണ്ട് റാഫി, ദ കിഡ്സ് പാർട്ടി എന്നീ സിനിമകളും മദർ ടങ്ക്, സോളിഡാരിറ്റി പാഠപുസ്തകം തുടങ്ങി ഹ്രസ്വ ചിത്രങ്ങളും ശ്രദ്ധേയമായി.

email: facts@kaumudi.com

സംശയങ്ങളും വസ്തുതകളും

അഡ്വ : കെ.ആർ.കുറുപ്പ്
ഫോൺ : 9447120735

മകന്റെ സ്വത്തിൽ അച്ഛനുള്ള അവകാശം

? എന്റെ ഏക മകൻ മരണമടഞ്ഞു. അവന് 75 സെന്റ് വസ്തുവിന്റെ പൂർണ അവകാശമുണ്ട്. എന്റെ ഭാര്യ ജീവിച്ചിരിപ്പില്ല. എനിക്ക് മറ്റ് മക്കൾ ആരുമില്ല. ഹിന്ദുമതത്തിൽപ്പെട്ട എനിക്ക് മകന്റെ സ്വത്തിൽ അവകാശമില്ലേ? മകന്റെ അമ്മയുടെ അനുജത്തിമാർ ഈ സ്വത്തിന് അവകാശം പറഞ്ഞ് അത് കൈക്കലാക്കാൻ ശ്രമിക്കുന്നതിന് നിയമപരമായി എന്തെങ്കിലും അടിസ്ഥാനമുണ്ടോ? വിശദമായ ഒരു മറുപടി തരണം എന്ന് അപേക്ഷ.

പി.ശങ്കരനാരായണപിള്ള
കാലടി

1956 ലെ ഹിന്ദു പിന്തുടർച്ചാവകാശ നിയമമാണ് ചോദ്യകർത്താവിന് ബാധകമാകുന്നത്. വിൽപത്രം എഴുതാതെ മരണമടഞ്ഞ ഹിന്ദുമതത്തിൽപ്പെട്ട പുരുഷന്റെ സ്വത്തിന് പിന്നീടുള്ള അകവാശികൾ ക്ലാസ് I, ക്ലാസ് II എന്നിങ്ങനെ രണ്ടായി തിരിച്ചിട്ടുണ്ട്.

ഇതിൽ ക്ലാസ് Iൽപ്പെട്ട അവകാശികൾ ആരുമില്ലെങ്കിൽ ക്ലാസ് II വിഭാഗത്തിലെ അവകാശികൾക്ക് നിയമത്തിൽ വ്യക്തമാക്കിയിരിക്കുന്ന മുൻഗണനാക്രമത്തിൽ ഒരാൾ ഇല്ലെങ്കിൽ അടുത്ത ആളിന് എന്ന ക്രമത്തിൽ സ്വത്ത് അവകാശം ലഭിക്കും. എന്നാൽ ക്ലാസ് I വിഭാഗത്തിൽപ്പെട്ട ബന്ധുക്കൾക്കെല്ലാം സ്വത്തിൽ തുല്യ അവകാശമാണ് ഉണ്ടായിരിക്കുക.

ക്ലാസ് I, II വിഭാഗങ്ങളിൽ ആരുമില്ലെങ്കിൽ രക്തബന്ധത്തിലൂടെയുള്ള പുരുഷന്മാർ വഴിയുള്ള ബന്ധുക്കൾക്ക് അവകാശം ലഭിക്കും. ഇവരാരും ഇല്ലെങ്കിൽ മറ്റു ബന്ധുക്കൾ ഉണ്ടെങ്കിൽ അവർക്ക് അവകാശം ലഭിക്കും.

ക്ലാസ് Iൽ അവകാശികളായി പറയുന്ന ബന്ധുക്കൾ

1) മകൻ, 2) മകൾ, 3) വിധവ, 4) മാതാവ്, 5) മരണമടഞ്ഞ മകന്റെ മകൻ, 6) മരണമടഞ്ഞ മകളുടെ മകൻ 7) മരണമടഞ്ഞ മകളുടെ മകൾ (8) മരണമടഞ്ഞ മകന്റെ മകൾ 9) മരണമടഞ്ഞ മകന്റെ വിധവ (10) മരണമടഞ്ഞ മകന്റെ മരണപ്പെട്ട മകന്റെ മകൻ 11) മരണപ്പെട്ട മകന്റെ മരണപ്പെട്ട മകന്റെ മകൾ 12) മരണപ്പെട്ട മകന്റെ മരണപ്പെട്ട മകന്റെ വിധവ 13) മരണപ്പെട്ട മകന്റെ മരണപ്പെട്ട മകളുടെ മകൾ 14) മരണപ്പെട്ട മകളുടെ മരണപ്പെട്ട മകന്റെ മകൾ (15) മരണപ്പെട്ട മകളുടെ മരണപ്പെട്ട മകളുടെ മകൻ എന്നിവരാണ്.

ക്ലാസ് II വിഭാഗത്തിൽ ചേർത്തിരിക്കുന്നത്

1). പിതാവ്, 2). മകന്റെ മകളുടെ മകൻ, മകന്റെ മകളുടെ മകൾ, സഹോദരൻ, സഹോദരി, 3). മകളുടെ മകന്റെ മകൻ, മകളുടെ മകന്റെ മകൾ, മകളുടെ മകളുടെ മകൾ, മകളുടെ മകളുടെ മകൻ, 4). സഹോദരന്റെ മകൻ, സഹോദരിയുടെ മകൻ, സഹാദേരന്റെ മകൾ, സഹോദരിയുടെ മകൾ, 5). പിതാവിന്റെ പിതാവ്, പിതാവിന്റെ മാതാവ്, 6). പിതാവിന്റെ വിധവ, സഹോദരന്റെ വിധവ, 7), പിതാവിന്റെ സഹോദരൻ, പിതാവിന്റെ സഹോദരി, 8). മാതാവിന്റെ പിതാവ്, മാതാവിന്റെ മാതാവ്, (9) മാതാവിന്റെ സഹോദരൻ, മാതാവിന്റെ സഹോദരി.

മുകളിൽ പറഞ്ഞിരിക്കുന്ന ക്ലാസ് I വിഭാഗത്തിലെ ആരും നിലവിലില്ലാത്ത സാഹചര്യത്തിൽ ക്ലാസ് II വിഭാഗത്തിലെ ആദ്യ മുൻഗണനയ്ക്ക് അർഹനായ ചോദ്യകർത്താവിന് (പിതാവ്) മരിച്ചുപോയ മകന്റെ സ്വത്തിൽ പൂർണ അവകാശമുണ്ട്.

കേന്ദ്ര സർക്കാർ ജീവനക്കാർക്ക് വന്ധ്യതാചികിത്സയ്ക്കുള്ള ആനുകൂല്യങ്ങൾ

?കുട്ടികൾ ഇല്ലാത്ത സർക്കാർ ജീവനക്കാർക്ക് ഉള്ള ആനുകൂല്യങ്ങളെപ്പറ്റി ജനുവരി 21 നുള്ള കേരളകൗമുദി ദിനപത്രത്തിൽ ഉണ്ടായിരുന്നു.

കേന്ദ്ര ഗവ. ജീവനക്കാർക്കുള്ള വന്ധ്യതാചികിത്സയുടെ ആനുകൂല്യവും അവധി വിവരങ്ങളും അറിയിച്ചാൽ ഉപകാരം. ഏഴുമാസമായി ശമ്പളമില്ലാത്ത അവധിയിൽ കഴിയുകയാണ്. ഭർത്താവും കേന്ദ്ര സർവീസ് ജീവനക്കാരനാണ്. ചികിത്സയിൽ കഴിയുന്നതുകൊണ്ട് ജോലിക്ക് പോകാൻ കഴിയുന്നില്ല. ദയവായി വിവരങ്ങൾ അറിയിക്കണമെന്ന് അപേക്ഷ.

ഗോപാലൻ
കൊട്ടാരക്കര.

21 വയസിനും 39 വയസിനും മദ്ധ്യേയുള്ള കേന്ദ്ര സർക്കാർ ജീവനക്കാർക്കും അവരുടെ ഭാര്യമാർക്കും കുട്ടികൾ ഒന്നും ജീവിച്ചിരിപ്പില്ല എങ്കിൽ ആധുനിക വന്ധ്യതാചികിത്സകൾ സർക്കാർ ആശുപത്രികളിലും അംഗീകൃത പ്രൈവറ്റ് ആശുപത്രികളിലും നടത്തുന്നതിന് പരമാവധി 1,95,000 രൂപവരെ ലഭിക്കും.

ഒരുപ്രാവശ്യത്തേക്ക് പരമാവധി 65,000 രൂപ എന്ന ക്രമത്തിൽ മൂന്നുപ്രാവശ്യത്തെ ചികിത്സയ്ക്ക് മാത്രമേ ഈ സാമ്പത്തിക ആനുകൂല്യം ലഭിക്കുകയുള്ളൂ. ബന്ധപ്പെട്ട വകുപ്പുമേധാവിയുടെ അനുവാദത്തോടെ നടത്തുന്ന ചികിത്സയ്ക്കുമാത്രമാണ് ഈ ആനുകൂല്യം ലഭിക്കുന്നത്. കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന്റെ 22.11.2011 ലെ ഓഫീസ് മെമ്മോറാണ്ടത്തിലാണ് ഈ കാര്യങ്ങളെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ അടങ്ങിയിട്ടുള്ളത്. സാധാരണ വന്ധ്യതാചികിത്സയ്ക്ക് സെൻട്രൽ ഗവൺമെന്റ് ഹെൽത്ത് സ്കീം അനുസരിച്ച് ലഭിക്കുന്ന ആനുകൂല്യങ്ങൾക്ക് പുറമേ ആണ് ആധുനിക ചികിത്സാ പരീക്ഷകളായ കൃത്രിമ ബീജസങ്കലനം എംബ്രിയോട്രാൻസ്ഫർ തുടങ്ങിയ ചികിത്സകൾക്കു മുകളിൽ പറഞ്ഞിരിക്കുന്ന പ്രകാരമുള്ള ആനുകൂല്യം അനുവദിച്ചിട്ടുള്ളത്.

വന്ധ്യതാ ചികിത്സയ്ക്ക് പ്രത്യേക അവധി അനുവദിച്ചിട്ടുള്ളതായ ഒരു ഉത്തരവും ശ്രദ്ധയിൽപെട്ടിട്ടില്ല.

കുട്ടികളെ വളർത്താനും 18 വയസുവരെ അവരെ പരിപാലിക്കാനും 2 വർഷംവരെ ശമ്പളത്തോടുകൂടിയ ചൈൽഡ്കെയർ ലീവും കുട്ടികളെ ദത്തെടുക്കുന്നതുമായി ബന്ധപ്പെട്ട് 135 ദിവസത്തെ ചൈൽഡ് അസോപ്ഷൻ ലീവും കേന്ദ്ര സർക്കാർ ജീവനക്കാർക്ക് അനുവദിച്ചിരിക്കുന്ന സാഹചര്യത്തിൽ വന്ധ്യതാ ചികിത്സയ്ക്ക് കൂടി ഈ ലീവിന്റെ ആനുകൂല്യം നൽകേണ്ടത് സാമാന്യ നീതി മാത്രമാണ്. മാനുഷിക പരിഗണന നൽകി ചോദ്യകർത്താവിന് വന്ധ്യതാചികിത്സയ്ക്ക് ചൈൽഡ് കെയർ ലീവോ മറ്റോ അനുവദിക്കണമെന്ന് ബന്ധപ്പെട്ട വകുപ്പുമേധാവിക്ക് അപേക്ഷ നൽകിയാൽ ഈ കാര്യത്തിലുള്ള സർക്കാർ നിലപാട് വ്യക്തമാകും.

സർക്കാർ ഈ ആനുകൂല്യം അനുവദിച്ചില്ലെങ്കിൽ മനുഷ്യാവകാശ കമ്മിഷനെയോ കോടതിയെയോ സമീപിച്ചാൽ അനുകൂല തീരുമാനം ഉണ്ടായേക്കും.

വിമുക്ത ഭടന്മാരുടെ പെൻഷനും ഇൻകംടാക്സും

?ഞാനൊരു വിമുക്തഭടനാണ്. 15 വർഷ സൈനിക സേവനത്തിനു ശേഷം 1981 ൽ പെൻഷനോടുകൂടി ഇന്ത്യൻ എയർഫോഴ്സിൽ നിന്നും വിരമിച്ചു. ആ സമയത്ത് വിമുക്ത ഭടന്മാരുടെ പെൻഷന് ഇൻകംടാക്സ് കൊടുക്കേണ്ടതില്ല എന്ന് കേട്ടിരുന്നു.

വിമുക്ത ഭടന്മാരുടെ പെൻഷന് ഇൻകംടാക്സ് കൊടുക്കേണ്ടതായുണ്ടോ ഇല്ലെങ്കിൽ എന്ത് റൂളിന്മേലാണ് എന്നും അറിയാൻ ആഗ്രഹിക്കുന്നു.

വി. രവീന്ദ്രനാഥ്, വർക്കല.

വിമുക്തഭടൻമാർക്ക് ലഭിക്കുന്ന ചുവടെപറയുന്ന വിഭാഗത്തിൽപ്പെട്ട പെൻഷൻ പൂർണമായും ഇൻകം ടാക്സിന്റെ പരിധിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

1. യുദ്ധത്തിലോ സൈനിക സേവനവുമായി ബന്ധപ്പെട്ട മറ്റു പ്രവർത്തനങ്ങളിലോ ഏർപ്പെട്ടതുമൂലമുണ്ടാകുന്ന ശാരീരിക അവശതയെ തുടർന്ന് ലഭിക്കുന്ന സിസ് എബിലിറ്റി പെൻഷൻ.

2. ഗാലന്ററി അവാർഡ് ലഭിച്ച വിമുക്തഭടൻമാരുടെ പെൻഷൻ. ഇവരുടെ കുടുംബാംഗങ്ങളുടെ ഫാമിലി പെൻഷൻ.

3. ജോലിക്കിടെ മരണപ്പെടുന്ന സൈനികരുടെ ആശ്രിതർക്ക് ലഭിക്കുന്ന കുടുംബ പെൻഷൻ.

ഡിസെബിലിറ്റി പെൻഷന് ഇൻകം ടാക്സ് ഒഴിവാക്കിയതായി ഇൻകംടാക്സ് ആക്ടിൽ പറയുന്നില്ല എങ്കിലും എക്സിക്യൂട്ടീവ് ഓർഡറുകളിലൂടെ ഈ വിഭാഗത്തിലുള്ള പെൻഷൻ ഇൻകംടാക്സിന്റെ പരിധിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ഗാലന്ററി അവാർഡ് ലഭിച്ചവരുടെ പെൻഷൻ ഒഴിവാക്കിയിരിക്കുന്നത് ഇൻകം ടാക്സ് ആക്ട് സെക്ഷൻ 10 (18) പ്രകാരവും, മരണപ്പെടുന്നവരുടെ ആശ്രിതർക്ക് ലഭിക്കുന്ന പെൻഷൻ സെക്ഷൻ 10 (19) പ്രകാരവുമാണ് ഇൻകംടാക്സിൽ നിന്നും ഒഴിവാക്കിയിട്ടുള്ളത്.

സ്വാതന്ത്ര്യസമര സേനാനി പെൻഷൻ കിട്ടുമോ?

? എന്റെ അച്ഛൻ സ്വാതന്ത്ര്യസമര സേനാനി ആയിരുന്നു. അച്ഛൻ മരിച്ചപ്പോൾ പെൻഷൻ അമ്മയ്ക്ക് കിട്ടി. എന്റെ രണ്ട് സഹോദരങ്ങൾക്കും സർവീസ് പെൻഷൻ ഉണ്ട്. ഞാനും എന്റെ ഭർത്താവും ജോലിയൊന്നും ഇല്ലാതെ അമ്മയുടെ പെൻഷൻകൊണ്ട് കഴിഞ്ഞുപോവുകയായിരുന്നു. അമ്മ മരിച്ചിട്ട് രണ്ടുവർഷം കഴിഞ്ഞു. ഞങ്ങൾക്ക് മക്കളില്ല. രണ്ടുപേരും രോഗികളും ആണ്. അമ്മയ്ക്ക് കേന്ദ്രപെൻഷനും സ്റ്റേറ്റ് പെൻഷനും കിട്ടുമായിരുന്നു. മക്കൾ ഇല്ലാത്തതുകൊണ്ട് ഞങ്ങൾക്ക് ഏതെങ്കിലും ഒരു പെൻഷനെങ്കിലും കിട്ടാൻ അർഹത ഉണ്ടോ?

ജി. ഗീത, കല്ലമ്പലം.

സ്വാതന്ത്ര്യസമര പെൻഷൻ സ്വാതന്ത്ര്യ സമര സേനാനിയുടെ മരണശേഷം മറ്റു വരുമാനമാർഗങ്ങൾ ഇല്ലാത്തതിനാൽ അവരെ ആശ്രയിച്ച് ജീവിച്ചുവന്ന ഭാര്യ, പ്രായപൂർത്തിയാകാത്ത ആൺമക്കൾ, തൊഴിൽ രഹിതരും അവിവാഹിതരുമായ പെൺമക്കൾ, വിധവയായ പെൺമക്കൾ, അംഗവൈകല്യമോ മാനസിക വൈകല്യമോ ഉള്ള മക്കൾ, അച്ഛൻ അമ്മ എന്നിവർക്ക് മാത്രമാണ് തുടർ പെൻഷൻ ലഭിക്കാനുള്ള അർഹത.

ചോദ്യകർത്താവ് ഈ വിഭാഗങ്ങളിൽ ഒന്നും ഉൾപ്പെട്ട വ്യക്തി അല്ലാത്തതിനാൽ സ്വാതന്ത്ര്യ സമര തുടർപെൻഷൻ ലഭിക്കാൻ അർഹതയില്ല.

എംപ്ലോയ്മെന്റ് സർവീസ് റെഗുലർ സർവീസിലുള്ള ആനുകൂല്യങ്ങൾ കണക്കാക്കുമോ?

Employment
Exchange

? ഞാൻ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് നിയമ പ്രകാരം 1990 ൽ 28.12.1990 മുതൽ 179 ദിവസം തിരുവനന്തപുരം കോർപ്പറേഷനിൽ (845 -1370) ശമ്പള നിരക്കിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറായി ജോലി നോക്കി. 1994 ൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി ആരോഗ്യവകുപ്പിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറായി (1125-1720) ശമ്പളനിരക്കിൽ 24.10.94 മുതൽ 21.7.95 വരെ ജോലി ചെയ്തു വരവേ 22.7.1995 ൽ പി.എസ്.സി വഴി മലപ്പുറം ജില്ലയിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറായി ജോലിയിൽ പ്രവേശിച്ചു. (21.7.1995 ൽ എ.എൻ വാങ്ങിയാണ് ജോലിയിൽ പ്രവേശിച്ചത്) 2018 മേയ് 31 ന് സർവീസിൽനിന്നു വിരമിക്കുകയാണ്. ആകയാൽ മേൽവിവരിച്ച രണ്ട് താത്കാലിക സർവീസുകളും ഇൻക്രിമെന്റിനും ഗ്രേഡിനും പെൻഷനും പരിഗണിക്കാൻ അർഹത ഉണ്ടോ? അങ്ങനെ ഉണ്ടെങ്കിൽ എന്താണ് ഇനി ചെയ്യേണ്ടത്?

രാജൻ എം, പേട്ട,
തിരുവനന്തപുരം.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള താത്കാലിക (പ്രൊവിഷണൽ) സർവീസ് ഇൻക്രിമെന്റ് തുടങ്ങിയ ആനുകൂല്യങ്ങൾക്ക് കണക്കാക്കിയിരുന്നത് ജി.ഒ (പി) 540/94/ഫിൻ തീയതി 30.9.1994 പ്രകാരമാണ് നിറുത്തലാക്കിയിട്ടുള്ളത്. ഈ ഉത്തരവ് പ്രകാരം 1.10.1994 വരെയുള്ള പ്രൊവിഷണൽ സർവീസിന്റെ ആനുകൂല്യം പ്രസ്തുത തീയതിക്ക് മുമ്പ് റെഗുലർ നിയമനം ലഭിച്ചവർക്ക് മാത്രമേ ലഭിക്കുകയുള്ളൂ. ഈ ഉത്തരവ് പ്രകാരം, കേരള സർവീസ് റൂളിൽ പ്രൊവിഷണൽ സർവീസ് തുടർന്നുള്ള റെഗുലർ സർവീസിലെ പല ആനുകൂല്യങ്ങൾക്കും പരിഗണിക്കുമെന്ന ഉത്തരവ് റദ്ദ്ചെയ്യുകയുമുണ്ടായി.

ചോദ്യകർത്താവിന്റെ പ്രൊവിഷണൽ സർവീസിനെ തുടർന്ന് റെഗുലർ നിയമനം ലഭിച്ചത് 22.7.1995 ൽ ആയതുകൊണ്ട് പ്രൊവിഷണൽ സർവീസ് ഒരു സർവീസ് ആനുകൂല്യങ്ങൾക്കും പരിഗണിക്കുകയില്ല.

സംശയങ്ങൾ അയയ്ക്കേണ്ട വിലാസം

ദി എഡിറ്റർ, സംശയങ്ങളും വസ്തുതകളും
കേരളകൗമുദി
പേട്ട പി.ഒ, തിരുവനന്തപുരം
പിൻ: 695024